3. കല്പിത സർവ്വകലാശാല (Virtual University)സ്ഥാപിക്കുന്നതിനു വേണ്ട പ്രോജക്ട് റിപ്പോർട്ട് കാർഷിക സർവ്വകലാശാലയും, ടെക്നോളജി പാർക്കിൽ പ്രവർത്തിക്കുന്ന ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജിയും ചേർന്ന് തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു ;

ആദിവാസികൾക്ക് നിക്ഷിപ്ത വനഭൂമി പതിച്ചു നൽകുന്ന നടപടി

4 (*359) ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾക്ക് നിക്ഷിപ്ത വനഭൂമി പതിച്ചുനൽകുന്നത് സംബന്ധിച്ച് പഠിക്കാൻ കേന്ദ്ര സംഘം കേരളത്തിൽ വന്നിട്ടുണ്ടോ ;

(ബി) കേന്ദ്രസംഘത്തിനു മുമ്പിൽ ഇക്കാര്യത്തിൽ സർക്കാർ എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇതു സംബന്ധിച്ച് കേന്ദ്രസംഘം സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ആദിവാസികൾക്ക് പതിച്ചു നൽകാനായി എത്ര ഭൂമി വേണ്ടിവരും എന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഇ) ആദിവാസികൾക്ക് വേണ്ടി ഏറ്റെടുക്കുന്ന വനഭൂമിക്കു പകരമായി അത്രയും ഭൂമിയിൽ വനവത്ക്കരണം നടത്തണമെന്ന നിർദ്ദേശം കേന്ദ്ര സംഘം മുന്നോട്ടു വച്ചിട്ടുണ്ടോ ;

(എഫ്) അത്രയും ഭൂമി എപ്രകാരം കണ്ടെത്തുമെന്ന് വിശദമാക്കാമോ ;

(ജി) സ്വകാര്യവ്യക്തികൾ കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി ഏറ്റെടുത്ത് വനവത്ക്കരണം നടത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ ;

(എച്ച്) അത്തരത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് നിലവിൽ നിയമം അനുവദിക്കുന്നുണ്ടോ ; അല്ലെങ്കിൽ ഇക്കാര്യത്തിനായി നിയമനിർമ്മാണം നടത്തുമോ ;

(ഐ) നിബിഡവനങ്ങളല്ലാത്ത പ്രദേശത്ത് കുടിലുകെട്ടി താമസിക്കുന്ന ആദിവാസികളെ അവിടെത്തന്നെ താമസിക്കുവാൻ അനുവാദം നൽകുമോ ;

(ജെ) ഭൂമി നൽകുന്നതു സംബന്ധിച്ച് ആദിവാസി സംഘടനകളുമായി സർക്കാർ നടത്തിയ ചർച്ചയിൽ എന്തെങ്കിലും തീരുമാനമായിട്ടുണ്ടോ ; പ്രസ്തുത ചർച്ചയുടെ വിശദാംശം വ്യക്തമാക്കുമോ ?

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) :

(എ) ഉണ്ട്.

(ബി) വനഭൂമി അടിയന്തിരമായി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

(സി) റിപ്പോർട്ട് നൽകിയിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്.

(എഫ്) പരിസ്ഥിതി ശാസ്ത്രപരമായി ദുർബല ഭൂപ്രദേശമാക്കി സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന ഭൂമിയിലും ശേഷിക്കുന്ന വനഭൂമിയുടെ ഇരട്ടി വിസ്തീർണ്ണമുള്ള പ്രക്ഷീണ വനപ്രദേശത്തും പകരം വനവത്ക്കരണം നടത്തണമെന്നാണ് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ തീരുമാനമൊന്നും എടുത്തിട്ടില്ല.

(ജി) അക്കാര്യം പരിഗണനയിലില്ല.

(എച്ച്) പാട്ടക്കരാറിലെ വ്യവസ്ഥകൾ അനുസരിച്ചു മാത്രമേ ഭൂമി തിരിച്ചെടുക്കുവാൻ കഴിയൂ. പ്രത്യേക നിയമനിർമ്മാണം സർക്കാരിന്റെ പരിഗണനയിലില്ല.

(ഐ) ഇല്ല. വനപ്രദേശത്ത് ഇത് അനുവദിക്കുന്നത് നിലവിലുള്ള കേന്ദ്ര നിയമങ്ങൾക്ക് വിരുദ്ധമാണ്.

(ജെ) തീരുമാനമായിട്ടില്ല.

മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും ക്രമാതീതമായി ടെലിഫോൺ വാടക വർദ്ധിപ്പിച്ച നടപടി

5 (*360) ശ്രീ. എ. സി. ഷൺമുഖദാസ് :
ശ്രീ. സി. കെ. നാണു :
ഡോ. എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചില മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും ക്രമാതീതമായി ടെലിഫോണിന്റെ വാടക വർദ്ധിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അശാസ്ത്രീയമായ നടപടികളുടെ ഫലമായ ഈ വർദ്ധന പിൻവലിക്കാൻ കേന്ദ്ര വാർത്താ വിനിമയ വകുപ്പുമായി ബന്ധപ്പെട്ട് ഉചിതമായ നടപടികൾ സ്വീകരിക്കുമോ ;

(സി) ഇത്തരം ചാർജ് വർദ്ധിപ്പിച്ച പ്രദേശങ്ങളിൽ മാസംതോറും എത്ര തുകയ്ക്കുള്ള അധിക വരുമാനമുണ്ടാകുമെന്ന് വ്യക്തമാക്കാമോ ?

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) :

(എ) വാടകയിൽ വർദ്ധനവ് ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേന്ദ്ര വാർത്താ വിനിമയ മന്ത്രാലയത്തിനോടും ബി.എസ്. എൻ.എൽ.-നോടും സംസ്ഥാന ഗവൺമെന്റിന്റെ പ്രതിഷേധം അറിയിക്കുകയും ചാർജ് കുറയ്ക്കാൻ ആവശ്യമായ നടപടികളെടുക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly